## പതിമൂന്നാം കേരള നിയമസഭ

## എഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3866 — 19.02.2013-ൽ മറുപടി.

### കൊല്ലം ജില്ലയിലെ പരവൂരിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. എസ്. ജയലാൽ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പരവൂരിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ നിന്നും ഭൂമി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടു നൽകിയ അപേക്ഷ ലഭിച്ചിരുന്നോ ; | : (എ) ലഭിച്ചിരുന്നു. |
| (ബി) പ്രസ്തുത സ്ഥാപനത്തിന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് ആവശ്യമായ ഭൂമി പരവൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ ഉണ്ടെന്നും ആയത് സൗകര്യപ്രദമാണെന്നുമുള്ള റിപ്പോർട്ട് ബന്ധപ്പെട്ട അധികാരികൾ സർക്കാരിന് നൽകിയിട്ടും നാളിതുവരെ തുടർനടപടി സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(സി) മൂന്ന് വർഷത്തോളമായി നിരവധി പ്രാവശ്യം നൽകിയ അപേക്ഷയിന്മേൽ ബന്ധപ്പെട്ട വകുപ്പ് മേധാവികൾ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് അന്വേഷിക്കുമോ ; | : (ബി) & (സി)<br><br>പോലീസ് വകുപ്പിന്റെ വക ഭൂമി ഈ വകുപ്പിന് കൈമാറ്റം ചെയ്തു ലഭിക്കുന്നതിന് പോലീസ് വകുപ്പിന്റെ സമ്മതപത്രം ആവശ്യമാണ്. ആയതിന് പോലീസ് വകുപ്പ് മേധാവിയുമായി കത്തിടപാടുകൾ നടത്തിയെങ്കിലും നാളിതുവരെ പോലീസ് മേധാവിയിൽ നിന്നും ഭൂമി കൈമാറ്റം നൽകുന്നതിനുള്ള സമ്മതപത്രം ലഭിച്ചിട്ടില്ല. |
| (ഡി) മനപൂർവ്വമായ കാലതാമസം ഒഴിവാക്കി ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | : (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ